
ജി എച്ച് എസ് എസ് കൊട്ടപ്പുറം

# പുത്തനാമ്പുകൾ




കൈറ്റ് മാഗസിൻ1

ജി എച്ച് എസ് എസ് കൊട്ടപ്പുറം

# ആശംസ




സാങ്കേതിക വിദ്യയുടെ സ്വാധീനം സമൂഹത്തിന്റെ സമസ്ത മേഖലയിലും മാറ്റങ്ങൾ വരുത്തുന്ന കാലഘട്ടമാണല്ലോ .നമ്മുടെ പുതുനാമ്പുകൾ എന്ന മാഗസിനിലും അതിന്റെ അനുരണനങ്ങൾ കാണാം.ക്ലാസ് മുറികളുടെ കൽച്ചുമരുകൾക്കുള്ളിൽ നിന്ന് സാഹിത്യത്തിന്റെ വിശാലമായ ലോകത്തേക്ക് നമ്മുടെ കുട്ടികൾ പറക്കുകയാണ്.കെട്ടിലും മട്ടിലും വ്യത്യസ്തത പുലർത്തുന്ന കൊട്ടപ്പുറം സ്കൂളിലെ ലിറ്റിൽ കൈറ്റ്സിന്റെ ഈ പ്രഥമസംരംഭത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ

ഹെഡ് മിസ്ട്രസ്

ശൈലജ കെ

ജി എച്ച് എസ് എസ് കൊട്ടപ്പുറം



## ആശംസ

സാങ്കേതികവിദ്യയും സാഹിത്യവും പുതുമയാർന്ന വഴികളിലൂടെ സഞ്ചരിക്കുകയാണ്.കൊട്ടപ്പുറം ഹയർസെക്കണ്ടറിസ്കൂളിലെ ലിറ്റിൽ കൈറ്റ്സിൻെറ സംരഭമായ പുതുനാമ്പുകൾ എന്ന മാസിക ഇതിന് തുടക്കം കുറിക്കുകയാണ്.മാസികയ്ക്ക് എല്ലാ വിധ ആശംസകളും നേരുന്നു.

പി.ടി.എ പ്രസിഡണ്ട്

പി.വി. സലാഹുദ്ദീൻ

ജി എച്ച് എസ് എസ് കൊട്ടപ്പുറം

# പത്രാധിപ സമിതി

**ചീഫ് എഡിറ്റർ** ശൈലജ കെ (പ്രധാനാധ്യാപിക)

സ്റ്റാഫ് എഡിറ്റർ വിനോദ് എം (കൈറ്റ് മാസ്റ്റർ)

അംഗങ്ങൾ വിജയകൃഷ്ണൻ പി (എസ് ഐ ടി സി)

ശ്രീലത വി (കൈറ്റ് മിസ്ട്രസ്)

അനീസ്റഹ്മാൻ (സ്റ്റാഫ് സെക്രട്ടറി)

ബിന്ദു എം(വിദ്യാരംഗം )

## വിദ്യാർത്ഥി പ്രതിനിധികൾ

മീനാക്ഷി കെ

ദിയ മിർഷ എംപി

റഹീമ ടി എ

മുഹമ്മദ് മാഹിർ പി ടി

ഇബ്രാഹിം ബാദുഷ കെ കെ

അൻഷിദ എൻ

ജി എച്ച് എസ് എസ് കൊട്ടപ്പുറം

ഉള്ളടക്കം

റോസാപ്പൂവ്
വികൃതമായ രൂപം
ഒരു മഞ്ഞുപ്രതിമ
ചെകുത്താനെ സ്നേഹിച്ച മാലാഖ
തത്തമ്മ
രണ്ട് കൂട്ടുക്കാർ
കൊലുസും കൊച്ചേട്ടനും
എന്റെ പൂന്തോട്ടം
പാവം പൂച്ച
ചിറകറ്റൊരമ്മ
കുഞ്ഞുമൂങ്ങ പഠിച്ച പാഠം
പൊൻമാനും മീനും
ഇരുട്ടത്ത് വന്ന സുഹൃത്ത്
പൂമ്പാറ്റേ
കീരിയും പാമ്പും
ആത്മ സുഹൃത്തുക്കൾ
കുക്കുവിന്റെ അഹങ്കാരം
ചതി എന്നും ആപത്ത്
ചതി
തെറ്റുപറ്റിയ വ്യാപാരി
വൃദ്ധസദനത്തിലേക്കുള്ള യാത്ര
മണ്ണാങ്കട്ടയും കരിയിലയും
The Best Quotes
The Eye of the Day



# റോസാപ്പൂവ്

1. "ഹരേ ഗഫൂറ് ഭായ്, യേ ക്യ ഹേ ?" " പറഞ്ഞത് ശരിയാണല്ലോ ഗഫൂറ്ഭായ്, ഇവിടെ ഒര്രു യുദ്ധം പൊട്ടാനായിരിക്കുംപോൾ നിങ്ങളെന്താ ഒരു റോസാപ്പൂവുമായിട്ട് ? ഇനി നമ്മളാരുമറിയാതെ വല്ല പാക്കിസ്ഥനി പട്ടാളക്കാരനുമായി സമാധാന ചറ്ച്ച നടക്കുന്നുണ്ടോ ?" അരവിന്ദ് ആശ്ചര്യത്തോടെ ചോദിച്ചു. "ഒന്നുപോടാ, ഇത് റോസാചെടിയാ." ഗഫൂറ് ഭായ് അരവിന്ദനെ തള്ളി നിറ്ത്തികൊണ്ട് പറഞ്ഞു "അതു മനസ്സിലായി, ഇതിന്റെ ആവശ്യം ? അതും ഇവിടെ ?" അരവിന്ദ് വിട്ടില്ല. " കഴിഞ്ഞ തവണ നാട്ടില് പോയപ്പോള് മോള് പറഞ്ഞതാണ് അവൾക്ക് കാശ്മീരിൽ വിരിയുന്ന റോസാപ്പൂവ് വോണമെന്ന്. " പട്ടാള കൂടാരത്തിന്റെ ജനലിനരികെ റോസാച്ചെടി വെച്ചുകൊണ്ട് ഗഫൂറ് പറഞ്ഞു. " അവൾക്കറിയാം ഇവിടെത്തെ റോസാപ്പൂവിന് സാധാരണ റോസാപ്പൂക്കളുടെ ഗന്ധമല്ല, പ്റാധാന്യമല്ല. ഇവിടത്തെ റോസാപ്പൂക്കൾ മനസ്സറിഞ്ഞ് വിരിയാറില്ലല്ലോ ?" അരവിന്ദിന്റെ സ്വയംഗതം. "ഇനി ഒരു പതിനഞ്ചു ദിവസം ആശ്വസിക്കാം." "ഗഫൂറ് ഭായ് നിങ്ങൾക്ക് ലീവ് കിട്ടിയോ?" "മേജറെ കയ്യും കാലും പിടിച്ചിട്ട് കിട്ടിയതാ വെറും പതിനഞ്ച് ദിവസം."
2. "ഓകെ, അപ്പൊ ഒരു അക്റമണമുണ്ടായി ഞാനങ്ങ് തട്ടിപ്പോയാൽ എനിക്ക് നിങ്ങടെ സല്യൂട്ട് എങ്ങനെ കിട്ടും? ഒരു കയ്പ്പുള്ള തമാശ അരവിന്ദിന്റെ വക. "ഹൊ സാധനം പായ്ക്ക് ചെയ്യുന്ന തിരക്കിലാണ്, പോണെവഴിയിൽ എന്റെ വീട്ടിലുംകൂടി കേറിക്കോളൂ ഒരു സാധനം കൊടുക്കാനുണ്ട് " ഇതും പറഞ്ഞ് തിരക്കുപിടിച്ച് അരവിന്ദ് എന്തോ തിരഞ്ഞു, ഒരു പൊതിയെടുത്ത് ഗഫൂറ് ഭായ് യുടെ കയ്യിൽകൊടുത്തു, "എന്താടാ ഇത് , കുഞ്ഞു കുട്ടികൾക്കുള്ള

ഡ്റസ്സാണല്ലോ, ഇത് നിൻെറ മകന് പാകമാവില്ലല്ലോ?" ഗഫൂറ്ക്കാ ചോദിച്ച്, "അല്ല ഗഫൂറ് ഭായ്, എനിക്കിപ്പം ഒന്നരക്കുട്ടികളാണ്." "അതു ശരി നീയത് എന്നോട് പറഞ്ഞല്ലല്ലോ?" "ഇവിടത്തെ തിരക്കിലത് വിട്ടു.

3. ടാക്സിക്കാറ് ഒരു വലിയ മനയുടെ മുന്നിൽ നിന്നു. അങ്കിളിനെ അറിയാമോ?" "ഇല്ല അച്ഛമ്മേ ആരോ വന്നിട്ടുണ്ട്." "ആരാ മനു?.. ആര് ഗഫൂറോ അകത്തേക്ക് ഇരിക്കു. ആതിരേ..... ആരാവന്നിരിക്കണേ നോക്ക്." ആതിര കടന്നു വന്നു. "മനു, നിനക്ക് മനസ്സിലായോ ഇതാരാന്ന് ?" "ഇല്ല്യ" "നിൻെറ അച്ഛൻെറ അടുത്തേന്ന് വര്യാണ്." "ആണോ, അപ്പൊ എന്താ അച്ഛനെ കൊണ്ടുവരാഞ്ഞത് ?" "നീ ചോദിച്ച് നോക്ക്." " എന്താ അങ്കിൾ അച്ഛനെ കൊണ്ടുനരാഞ്ഞ്ത് ?" കരയാൻ തോന്നിക്കുന്ന രീതിയിയിൽ കുട്ടി ഒന്നും ചോദിച്ചില്ല . പക്ഷേ എല്ലാവരുടേയും കണ്ണ് നിറഞ്ഞു. പൂറ്ണ ഗറ്ഭിണിയായ ആ സ്ത്റീ കരച്ചിലടക്കാൻ കഴിയാതെ അകത്തേക്ക് പോയി. നിറകണ്ണുകളോടെ ഗഫൂറ് പറഞ്ഞു. "ആരാ പറഞ്ഞത് അച്ഛനെ കൊണ്ടുവന്നില്ലാന്ന്. നോക്ക്, എൻെറ കയ്യിലുണ്ടായിരുന്ന റോസാച്ചെടി. ഞാനതാ തുളസിത്തറയുടെ അടുത്ത് വെച്ചിക്കുന്നു.അതിൽ ഒരു റോസാപ്പൂവ് വിരിഞ്ഞ് നിൽക്കുന്നത് കണ്ടോ? ആ പുഞ്ചിരിക്കുന്ന പുഷപ്പമാണ് നിൻെറ അച്ഛൻ." മനു പൂവിൻെറ അടുത്തേക്കോടി. അയാൾ ആരോടെന്നില്ലാതെ പറഞ്ഞു. "അരവിന്ദ് നീ നിൻെറ മകനെ മകനെ കാണുന്നില്ലെ, സമാധാനത്തിൻെറ ദൂതുമായ് നീ ഒരുപറ്റം ആളുകളുടെ അടുത്തേക്ക് പോവുന്പോൾ ഈ പൂമൊട്ട് കാത്തിരിക്കുന്നത് നിൻെറ ജീവനെ വീരമൃത്യുവാക്കി വിരിയിക്കാനായിരുന്നോ?"

ഗഫൂറ് മടങ്ങാനൊരുങ്ങി, റോസാച്ചെടി എടുക്കാൻ നോക്കി. " അച്ഛനെ

കൊണ്ടുപ്പോവുകയാണോ?

നജ ടി.പി

# അണ്ണാറക്കണ്ണനും പൂവാലൻകിളിയും



പണ്ട് പണ്ട് കാട്ടിലുള്ള പുന്നാരിപ്പുഴയുടെ തീരത്ത് ഒരു തേൻവരിക്ക പ്ളാവുണ്ടായിരുന്നു. ആ പ്ളാവിലാണ് കൂട്ടുകകാരായ അണ്ണാറക്കണ്ണനും താമസിച്ചിരുന്നത്. അവറ് ഉറ്റക്കൂട്ടുകാരായിരുന്നു. അങ്ങഅങ്ങനെയിരിക്കെ , ഒരു ദിവസം തേൻവ രിക്ക പ്ളാവിൽ ഒരു ചക്കയുണ്ടായി. ചക്ക പഴുത്ത് വന്നപ്പോൾഅണ്ണാറക്കണ്ണൻ പറഞ്ഞു "ഈ ചക്ക ഞാനാണ് ആദ്യം കണ്ടത്. അതുകൊണ്ട്ഇതിൻെറ അവകാശി ഞാനാണ്.'' ഇതുകേട്ട് പൂവാലൻ കിളി പറഞ്ഞു "ഈ പ്ളാവിൽ ആദ്യം താാമസത്തിനെത്തിയത് ഞാനാണ്. അതുകൊണ്ട് ഈ ചക്കയുടെ ഉടമസ്ഥൻ ഞാനാണ്.'' അങ്ങനെ അവറ് തമ്മിൽ വഴക്കായി.പിറ്റേന്ന് കാട്ടിൽ ശക്തിയായ കാറ്റും മഴയും ഉണ്ടായി.അതി ശക്തിയായി വീശിയ കാറ്റിൽ തേൻവരിക്ക ചക്ക ഞെട്ടറ്റ് പുഴയിലേക്ക് വീണു.വഴക്കിട്ട് കൊണ്ടിരുന്ന അണ്ണാറക്കണ്ണനും പൂവാലൻ കിളിയും ഇളഭ്യരായി അത് നോക്കിനിന്നു.

സഫ്രീന.പി

# വികൃതമായ രൂപം



ഒരു ഗ്രാമത്തിൽ ഒരു താറാവ് ഉണ്ടായിരുന്നു.അത് മുട്ടയിട്ട് അടയിരിക്കുകയായിരുന്നു.മുട്ടവിരിയുന്നതും കാത്ത് കുറേ ദവസം കാത്തിരുന്നു. ഒരു ദിവസം മുട്ടവിരിഞ്ഞു സുന്ദരികളായ രണ്ട് കുഞ്ഞുങ്ങൾ മുട്ടയിൽ നിന്നും പുറത്തിറങ്ങി. താറാവിന് സന്തോഷം സഹിക്കാനായില്ല. പക്ഷേ  ഒരു മുട്ടയും കൂടി വിരിയാനുണ്ടല്ലോ. എന്ന് ആലോചിച്ച താറാവിന് സങ്കടം ഉണ്ടായിരുന്നു. കുറച്ച് നേരം കഴിഞ്ഞ് ആ മുട്ടയും വിരിഞ്ഞു. കുഞ്ഞു താറാവിനെ കണ്ട് താറാവ് പറഞ്ഞു. അയ്യോ! ഇത് എൻെറ കുഞ്ഞാണോ? അതിൻെറ ചെവി കണ്ടോ എന്തൊരു വലുപ്പം. വികൃത രൂപിയായ താറാവിൻ കുഞ്ഞ് . ഇതു കേട്ട മറ്റു താറാവിൻ കുഞ്ഞുങ്ങൾ ആ താറാവിനെ കളിയാക്കാൻ തുടങ്ങി. കളിയാക്കുന്നത് അവന്ക്ക് തീരെ



ഇഷ്ടപ്പെട്ടില്ല. അവൻ അന്നുതന്നെ യാത്രയായി. അവൻ രാത്രകളിൽ കരഞ്ഞു. പകലുകളിൽ പൊട്ടികരഞ്ഞു. അവൻ കാലം കഴിച്ചു. നടന്ന് നടന്ന് അവൻ എത്തിയത് ഒരു കുളത്തിൻെറ അരികിലായരുന്നു. കുളം കണ്ട് സന്തോഷം കൊണ്ട് അവൻ പറഞ്ഞു. ഹായ്! എനിക്ക് ഇഷ്ടപ്പെട്ട സ്ഥലം. അവൻ ഒന്നും ആലോചിക്കാതെ കുളത്തിലോക്ക് എടുത്ത് ചാടി. അവൻ കുറേ നേരം നീന്തി. വൈകാതെ മഞ്ഞുകാലം വന്നു. അവൻക്ക്

തണുപ്പ് സഹിക്കാനാവാതെ പറഞ്ഞു.എനിക്കും ഒരു വീടുണ്ടായിരുന്നെങ്കിൽ. ആ സമയത്താണ് ഒരു വഴിപോക്കൻ അവിടേക്ക് വന്നത്. അയാൾ കാര്യം മനസ്സിലാക്കി.താറാവ് കുഞ്ഞിനെ എടുത്തു വീട്ടിലേക്ക് കൊണ്ട് പോയി. ഇളം ചൂടേറ്റ് അവന് സുഖം തോന്നി. അങ്ങനെ മഞ്ഞ് കാലംമാറി.അ വേനലായി.അയാൾ അതിനെ കുളത്തിൽ തന്നെ കൊണ്ടുവച്ചു. അന്നേക്കും അത് വലിയ താറാവായിരുന്നു. കുളത്തിലിറങ്ങി നീന്തി കളിക്കുന്ന സമയം അരയന്നകൂട്ടം അവൻെറ അടുത്ത് വന്ന് പറഞ്ഞു.നീ ഞങ്ങളുടെ കൂടെ കൂടിക്കോസുന്ദരനായ അവനെ അവറ് കൂട്ടത്തിലെ ലീഡറാക്കി. പിന്നെ അവൻ അവിടെ സുഖത്തിൽ കഴിഞ്ഞു



റഹീമ.ടി.എ

# ഒരു മഞ്ഞു പ്രതിമ



പണ്ടു പണ്ട് അൻെറാർട്ടിക്ക എന്ന ഒരു കൊച്ച് ഗ്രാമത്തിൽ രാഹുലും ബെല്ലയും ജീവിച്ചിരുന്നു.പക്ഷേ അവർക്ക് ഒരു സങ്കടമേ ഉണ്ടായിരുന്നൊള്ളൂ.അവർക്ക് ഇതുവരെയായിട്ടും കുഞ്ഞുങ്ങളുണ്ടായിരുന്നില്ല.ഈ വിഷമം ബെല്ലക്ക് താങ്ങാനായില്ല.ഒരു ദിവസം ബെല്ലക്ക് ഒരു ഉപായം തോന്നി.ഈ ഉപായം ബെല്ല രാഹുലിനോട് പറഞ്ഞു.അങ്ങനെ രാഹുലും ബെല്ലയും ഒരു മഞ്ഞു പ്രതിമയെ നിർമ്മിച്ചു.അതിൻെറ ജീവനുവേണ്ടി പ്രീർത്തിച്ചു.അങ്ങനെ

ആ മഞ്ഞുപ്രതിമക്ക് ജീവൻ വന്നു.അവർക്ക് സന്തോഷമായി.ഒരു ദിവസം അവൾ ആരും കാണാതെ പുറത്തിറങ്ങി.അങ്ങനെ അവൾ അവിടെയെല്ലാം ചുറ്റിതിരിഞ്ഞ് വീട്ടിലേക്ക് മടങ്ങാനിരുന്നപ്പോൾ അവൾ അവിടെ ഒരു പ്രകാശം കണ്ടു.അവൾക്ക് അതിശയമായി.അവൾ അവിടേക്ക് ഓടി,പെട്ടെന്ന് അവൾക്ക് ശരീരത്തിൽനിന്ന് ഒലിച്ചിറങ്ങുന്നത് പോലെ തോന്നി.അവൾ അവൾ അവിടേക്ക് എത്തിയപ്പോഴേക്കും അലിഞ്ഞുതീർന്നു.ഇതറിഞ്ഞ രാഹുലും ബെല്ലയും സങ്കടപ്പെട്ടു.

ഷിഫ്ന മെറിൻ.ടി.പി

# ചെകുത്താൻ സ്നേഹിച്ച മാലാഖ

പണ്ടു പണ്ട് കിസ്റാ രാജ്യത്ത് ചെകുത്താൻമാരുടെ ഒരു കൊട്ടാരമുണ്ടായിരുന്നു.അവിടുത്തെ നല്ല യോദ്ധാക്കളെയാണ് ചെകുത്താൻ എന്ന് വിളിക്കാറ്.ചെകുത്താൻമാരുടെ കൊട്ടാരത്തിന്റെ തൊട്ടടുത്തായി മാലാഖമാരുടെ ഒരു കൊട്ടാരവുമുണ്ടായിരുന്നു.ചെകുത്താൻകൊട്ടാരത്തിലെ ഒരു സുന്ദര ചെകുത്താൻ മാലാഖ കൊട്ടാരത്തിലെ സുന്ദരിയായ മാലാഖയെ സ്നേഹിച്ചിരുന്നു.പക്ഷേ,അവരുടെ കുടുംബത്തിലൊരു നിയമമുണ്ടായിരുന്നു.ചെകുത്താൻമാരും മാലാഖമാരും തമ്മിൽ വിവാഹബന്ധം പാടില്ല എന്നതായിരുന്നു.പിന്നീട് മാലാഖ

ചെകുത്താനെയും സ്നേഹിച്ച് തുടങ്ങി.ഇവരുടെ ആ കുടുംബത്താലെ നിയമം മാറ്റാൻ വേണ്ടി ചെകുത്താനും താൻ സ്നേഹിച്ച മാലാഖയും കൂടി ഒരു വഴിയെ അന്വേഷിച്ചിട്ടിട്ട് കിട്ടിയൊള്ളൂ.ചെകുത്താൻ കൊട്ടാരത്തിലെ ചെകുത്താൻ രാജാവിൻെറ അടിമയായ രാക്ഷസൻെറ അടുത്തുള്ള തമന്നാ എന്ന ഗ്രന്ഥം കത്തിക്കുക.ചെകുത്താൻ കൊട്ടാരത്തിലെ ഏറ്റവും വിശ്വസ്തനായ ഒരാളാണ് മാലാഖയെ സ്നേഹിച്ച ചെകുത്താൻ. ആ വിശ്വസ്തതയിലൂടെ കയറി അയാൾ ആ ഗ്രന്ഥം കത്തിച്ചു.അതോടെ ചെകുത്താൻമാർ പുരുഷൻമാരാണ്.മാലാഖമാർ സ്ത്രീകളുമായി.മാലാഖയെ സ്നേഹിച്ച ചെകുത്താൻ മാലാഖയെ സ്വന്തമാക്കി.അതുകൊണ്ടാണ് നമ്മൾ മാലാഖയും ചെകുത്താനും ആവാതിരിക്കുന്നത്.

**സഹീദ.പി**

# തത്തമ്മ

പാടിപ്പാറി നടക്കും നല്ലൊരു
സുന്ദരിയായൊരു തത്തമ്മ
കഥ പറയാനും കളിപ്പറയാനും
ലോക മിടുക്കി തത്തമ്മ
കുന്നിൻചെരുവിലെ മാവിൻകൊമ്പിൽ
പാട്ടുകൾ പാടിയ തത്തമ്മ



സ്വർണ്ണം പൂശിയ നെൽക്കതിരിൻമേൽ
പാടിപ്പറക്ക്ണ തത്തമ്മ
പച്ച പുതച്ച് വാനിൽക്കൂടി
പാടിപ്പറക്ക്ണ തത്തമ്മ
ചുണ്ട് ചുവന്നൊരു തത്തമ്മ
ആഹാ നല്ലൊരുതത്തമ്മ!

ജിഫാന ഹനാൻ കെ.പി

# രണ്ടു കൂട്ടുകാർ

ഒരു കാട്ടിൽ രണ്ട് കിളികൾ താമസിച്ചിരുന്നു.ചിന്നുവും,മിന്നുവും.അവർ ഉറ്റ ചങ്ങാതിമാരായിരുന്നു.അവർ അങ്ങനെ സന്തോഷത്തോടെ ജീവിക്കുമ്പോഴാണ് അവർക്ക് വേനൽ നേരിടേണ്ടിവന്നത്.അവർ സൂക്ഷിച്ച് വച്ച ഭക്ഷണം തീരാറായിതുടങ്ങി.അവർ അങ്ങനെ ഭക്ഷണം തിരഞ്ഞ് പോകുമ്പോഴാണ് ഒരു പരുന്ത് അവരുടെ അടുത്തേക്ക് വന്നത്.പരുന്ത് പറഞ്ഞു-അല്ല കൂട്ടുക്കാരെ നിങ്ങൾ ഇവിടെ ഭക്ഷണം തിരഞ്ഞിട്ടു കാര്യമില്ല.വേറെ. ഏതെങ്കിലും നാട്ടിൽ പോയി നോക്കി.അപ്പോൾ മിന്നു ചിന്നുവിനോട് പറഞ്ഞു പരുന്ത് പറഞ്ഞതിൽ കാര്യമുണ്ട്,വാ നമുക്ക് പോയി നോക്കാം.അപ്പോൾ ചിന്നു പറഞ്ഞു-മിന്നു നീ ആ

പരുന്ത് പറഞ്ഞതത് കേട്ട് നിൽക്കരുത്.നമ്മൾ അവിടെ പോയി നമുക്ക് ഭക്ഷണം കിട്ടിയിട്ടില്ലെങ്കിൽ നമ്മൾ കുടുങ്ങില്ലെ.ചിന്നു പറഞ്ഞതുകേൾക്കാതെ മിന്നു പോയി.ചിന്നുവിന് സങ്കടമായി.കുറേക്കാലം അവർ അങ്ങനെ പിരിഞ്ഞുനിന്നു.ഒരു ദിവസം ചിന്നു വിചാരിച്ച് അല്ലാ എന്റെ കൂട്ടുക്കാരി മിന്നു എവിടെയായിരിക്കും.ചിന്നു അവളെ തേടിയിറങ്ങി.കുന്നുകളും പർവ്വതങ്ങളും എല്ലാം കടന്ന് അവൾ ഒരു വയലിലെത്തി .അപ്പോൾ അതാ മിന്നു ആ വഴിയിൽ കിടക്കുന്നു.ചിന്നു വേഗം വയലിന്റെ അടുത്തേക്ക് പോയി.അവൾക്ക് അപ്പഴേ മനസ്സിലായി അവൾ എന്നെ വിട്ടുപ്പോയി പാവം മിന്നു.ഞാൻ പറഞ്ഞത് കേൾക്കാതെ പോയതല്ലേ.അവൾ പൊട്ടിക്കരഞ്ഞു.എനിക്കിനി ആരാ ഉള്ളത്? അവൾ മണ്ണുമാന്തി അതിൽ അവളെ കുഴിച്ചുമൂടി.എന്നിട്ട് സ്വന്തം നാട്ടിലേക്ക് മടങ്ങി.

കൂട്ടുക്കാരുടെ വാക്കിനും പ്രാധാന്യമുണ്ട്

ഷുഹൈബ്.ടി.പി

# കൊലുസും കൊച്ചുട്ടനും

കിട്ടുണ്ണിയും കുട്ടിമാളുവും ചേട്ടനനിയത്തിമാരാണ്.അവരുടെ വീടിനടുത്ത് ഒരു കൊച്ചൂട്ടൻ ഉണ്ട്.കൊച്ചൂട്ടന് സഹോദരങ്ങളില്ല.അതുകൊണ്ട് പാവം കൊച്ചുട്ടന് കളിക്കാനും ആരുമില്ല.ഇടയ്ക്കൊക്കെ കൊച്ചൂട്ടൻ കിട്ടുണ്ണിയുടേയും കുട്ടിമാളുവിന്റെയും അടുത്ത് കൂട്ടുക്കൂടാൻ ചെല്ലും.പക്ഷേ അവർ അവനോട് മിണ്ടുകയില്ല, കൂടെ കൂട്ടുകയുമില്ല.അങ്ങനെ ഒരു ദിവസം കിട്ടുണ്ണിയും കുട്ടിമാളുവും കൂടി മീൻപ്പിടിക്കാൻ തോട്ടിലിറങ്ങി.കുറച്ച് മാറി തോട്ടിൽക്കരയിലിരുന്ന കൊച്ചൂട്ടൻ ഈ കാഴ്ചകളൊക്കെ കാണുന്നിണ്ടായിരുന്നു.അയ്യോ,ഇത്കുട്ടിമാളുവിന്റെ കൊലുസാണല്ലോ.കൊച്ചൂട്ടൻ തോട്ടിലിറങ്ങി കൊലുസെടുത്തു നിറയെ

മണികൾ പിടിപ്പിച്ച നല്ല ഭംഗിയുള്ള വെള്ളികകൊലുസ്.അവൻ അതുമായി അവരുടെ അടുത്തെത്തി.അയ്യോ,ഇതെൻെറ കൊലുസല്ലെ.അപ്പോഴാണ് കൊലുസ് കളഞ്ഞുപോയ കാര്യംഅവളറിഞ്ഞതുതന്നെ.കൊച്ചൂട്ടൻ കണ്ടതുകൊണ്ട് കൊലുസ് തിരികെ കിട്ടി ചേട്ടൻ പറഞ്ഞു,ശരിയാ കുട്ടിമാളൂ കൊലുസ് കാലിലിടുമ്പോൾ പറഞ്ഞു.വാ കൊച്ചൂട്ടാ,നമുക്ക് ഒരുമിച്ച് മീൻപിടിക്കാം.കിട്ടുണ്ണിയും കുട്ടിമാളുവും അവനെ കൂടെക്കൂട്ടി.അങ്ങനെ കൊച്ചൂട്ടന് രണ്ട് നല്ല കൂട്ടുക്കാരെ കിട്ടി.

ദിൽന പി.ടി

# എൻെറ പൂന്തോട്ടം

എനിക്കുമുണ്ടൊരു തോട്ടം
പൂക്കൾ ചിരിക്കും തോട്ടം
തോട്ടത്തിലുണ്ടൊരു പൂമ്പാറ്റ
പാറി നടക്കും പൂമ്പാറ്റ
മൂളി നടക്കും വണ്ട്
തേൻ കുടിക്കും വണ്ട്
എത്ര  ഭംഗിയുള്ള തോട്ടം
പല നിറത്തിൽ പൂക്കൾ
പല വർണ്ണ പൂക്കൾ

എത്ര എത്ര മനോഹരം
എൻെറ സ്വന്തം തോട്ടം

മിൻഫ.പി



## പാവം പൂച്ച

പാതിരനേരം
പത്തായത്തിൽ
പമ്മിയിരിക്കുന്നതാരാണ്
പാലുക്കുടിച്ച
മടുത്തൊരു പാവം
പൂച്ച പെണ്ണാണേ

എന്തേ പൂച്ചേ
ഈ നേരത്ത്
വയറുനിറഞ്ഞോ
കറുമുറ തിന്നാൻ
ചെറിയൊരു എലിയെ
നോക്കിയിരുപ്പൂ ഞാൻ
കരിയുടെ നിറമുള്ള
ചെമ്പരത്തി ചുവപ്പുള്ള
കരിമ്പാടൻ എലിയെ
കാത്തുനിൽക്കും
വെള്ളിതിളക്കം ചാരത്തുള്ള
പാവം പൂച്ച

അൻഷിദ.എൻ

# ചിറകറ്റൊരമ്മ


ഞാനൊന്നു കിടന്നാൽ എന്നെ പിടിച്ച് എഴുന്നേൽപ്പിക്കാൻ ഉള്ളതാ ഇവൻ. അമ്മ കുഞ്ഞിനെ കുളിപ്പിക്കുന്നതിനിടയിൽ പറഞ്ഞു.അച്ഛനില്ലാ എന്ന കുറവൊന്നും ഞാനെൻറ കുഞ്ഞിന് വരത്തില്ലാ.അമ്മ കണ്ണുനീർ തുടച്ചുകൊണ്ട് പറഞ്ഞു.പിന്നെ കുഞ്ഞിനെ എടുത്തു.എനിക്ക് നീയും നിനക്ക് ഞാനും മാത്രം മതി.അമ്മ അവനെ ചുംബിച്ചു.അമ്മ ആ പിഞ്ചു കുഞ്ഞിനെയും വെച്ച് ഓരോ വീട്ടിൽ പോയി ജോലി ചെയ്ത് കാശുണ്ടാക്കി.കഷ്ടപ്പെട്ട് അധ്വാനിച്ച കാശുകൊണ്ട് അമ്മ അവനെ സ്കൂളിൽ ചേർത്തു.വർഷങ്ങൾ പുസ്തക താളുകൾ മറിക്കുന്നതുപോലെ


കടന്നുപോയി.ഒരു രാവിലെ,മോനേ ഒന്നു നിന്നെ, അമ്മയ്ക്ക് കണ്ണടയ്ക്കാറായി.ഇനി മോൻ വേഗം ഒരു കല്ല്യാണം കഴിക്കണം.ഹേയ് അതൊന്നും വേണ്ടമ്മേ.അവൻ ഒഴിഞ്ഞുമാറി.വൈകുന്നേരമായി അമ്മ വിളക്കു കത്തിച്ചു.ഉമ്മറത്ത് അരോ രണ്ടാൾ വരുന്നതുപോലെ.ആരാ...അമ്മ ചോദിച്ചു.മകൻ കയറിവന്നു.ഞാനാണമ്മേ.അപ്പോഴാരാ അത്,അത്...അത ഞാൻ വിളിച്ചോണ്ടു പോന്ന എന്നെ സ്നേഹിക്കുന്ന പെൺകുട്ടിയാ.അമ്മ ഇവളെ വിളിച്ചു കയറ്റണം.അമ്മയുടെ ഉടൽ വിറച്ചു അമ്മ മനസ്സില്ലാമനസോടെ അവളെ കയറ്റി.നല്ല സ്നേഹത്തോടെ നോക്കി.രണ്ടു വർഷം കഴിഞ്ഞു.അമ്മ വയ്യാതെ കിടപ്പിലായി.ഒരു ദിവസം ആ അമ്മ മരുമകൾ മകനോട് പറയുവന്നത് കേട്ടു:നിങ്ങൾ ഈ അമ്മയെ എവിടെക്കെങ്കിലും പറഞ്ഞുവിട്.ആ തള്ളയെ നോക്കി നോക്കി ഞാൻ തളർന്നു.എന്താ നിങ്ങളൊന്നും മിണ്ടാത്തത്?അത്....ഞാനാ അമ്മയുടെ മകനല്ലേ.അതൊന്നും ഇപ്പോൾ ഓർക്കണ്ട.നിങ്ങൾക്ക് ഞാനാണോ ആ അമ്മയാണോ വലുത്.അത്...നീയല്ലേ.അപ്പോൾ ഞാൻ പറയുന്നത് നിങ്ങൾ കേൾക്കണം.

പുതിയ തലമുറയിലെ ആ മനുഷ്വത്വമില്ലാത്ത പെൺകുട്ടിക്ക് അവനെ മാറ്റിയെടുക്കാൻ കഴിഞ്ഞു.അമ്മ ഇതെല്ലാം കേട്ട് അവിടെയിരുന്നു.ഞാൻ ഇപ്പോൾ എൻെറ മകന് ഒരു അധികപ്പറ്റാ.ഞാനിവിടെ നിന്ന് ഇറങ്ങണം.സത്യം അവന് പതിയെ മനസിലാകും.ആ അമ്മ ആ രാത്റി തന്നെ അവിടം വിട്ടിറങ്ങി.കാതിൽ കാറ്റിലൂടെ ഒരു കുഞ്ഞിൻ കരച്ചിൽ വന്നിടിച്ചു.വഴിയറിയാതെ ആ അമ്മ ദൂരേക്ക്

നടന്നു.കണ്ണുകളും കാതുകളും നിശ്ചലമായി ആ അമ്മ അങ്ങനെ അങ്ങനെ........

നിത്യലക്ഷ്മി.പി



# കുഞ്ഞുമൂങ്ങപഠിച്ച പാഠം

ഒരു മരത്തിൽ ഒരമ്മ മൂങ്ങയും കുഞ്ഞുമൂങ്ങയും താമസിച്ചിരുന്നു.ഒരു ദിവസം വൈകുന്നേരം അമ്മ മൂങ്ങ മരക്കൊനമ്പിൽ ഇരിക്കുകയായിരുന്നു.അപ്പോൾ കുഞ്ഞുമൂങ്ങ വേഗം പറന്നുവന്ന് പറഞ്ഞു അമ്മേ,ദേ മൂന്ന് പക്ഷികൾ വെള്ളത്തിൽ മുങ്ങുന്നു. നമുക്ക് അവരെ രക്ഷിക്കാം.ങ്ഹേ,എവിടെ?അമ്മ മൂങ്ങ ചോദിച്ചു.കുഞ്ഞുമൂങ്ങ അമ്മ മൂങ്ങയെഅടുത്തുള്ള തടാകത്തിലേക്ക് കൊണ്ടുപോയി.ദാ കണ്ടില്ലേ? കുഞ്ഞുമൂങ്ങ ചൂമണ്ടിക്കാണിച്ചു?ഹ..ഹ.ഹ..മോനെ ഇത് താറാവുകളാ ഇവർക്ക് വെള്ളത്തിൽ നീന്താനുള്ള കഴിവുണ്ട്.അമ്മ മൂങ്ങ പറഞ്ഞു.അപ്പോഴാ അമ്മ താറാവും മക്കളും തടാകത്തിൽനിന്ന് കയറിപ്പോന്നു.അതു കണ്ടപ്പോൾ കുഞ്ഞുമൂങ്ങ ചിരിച്ചുപ്പോയി.

ദിൽന.കെ.ടി

# പൊൻമാനും മീനും

ഒരി ദിവസം പൊൻമാൻ മീൻ പിടിക്കാൻ പോയി.വഴിയിൽ ഉണ്ടായിരുന്ന തോട്ടിൽ മീനുണ്ടായിരുന്നു.അതിനെ പൊൻമാൻ പിടിക്കാൻ ശ്രമിച്ചു.പെട്ടെന്ന് ഒരു മീനിനെ കിട്ടി.അതുംകൊണ്ട് പൊന്മാൻ കൂട്ടിലേക്ക് മടങ്ങി.കൂട്ടിൽചെന്ന് കുഞ്ഞുങ്ങൾക്ക് കൊടുത്തു. അത് കുഞ്ഞുങ്ങൾക്ക് വളരെ ഇഷ്ടമായി. അപ്പോൾ പൊൻമാൻ വീണ്ടും മീൻപിടിക്കാൻ പോയി.മീനും കൊണ്ട് വരുമ്പോൾ പെട്ടന്നത് താഴേക്ക് ചാടി.അത് ഒരു പൂച്ച കണ്ടു. വീഴേണ്ട താമസം അതുംകൊണ്ട് പൂച്ച ഒറ്റ

ഓട്ടം.പൊൻമാൻ പൂച്ചയെ കണ്ടതേയില്ല.അവൾ സങ്കടത്തിലായി. വീട്ടിലേക്ക് മടങ്ങുമ്പോൾ  തന്റെ മീൻ ഒരു പൂച്ച തിന്നാൻ പോകുന്നത് കണ്ടു.അവളുടെ മുഖം ദേഷ്യം കൊണ്ട് ചുവന്നു. ഒറ്റ നിമിഷം കൊണ്ട് അവൾ ആ പൂച്ചയുടെ കയ്യിൽ നിന്ന് ആ മീൻ പിടിച്ചുവാങ്ങി.അമ്മയെ കണ്ടപ്പോൾ കുഞ്ഞുങ്ങൾ സന്തോഷം കൊണ്ട് തുള്ളിച്ചാടി.പിന്നീടുള്ള കാലം അവർ സന്തോഷത്തോടെ ജീവിച്ചു.

**ഹുദ കെ.ടി**

# ഇരുട്ടത്ത് വന്ന സുഹൃത്ത്

ഒരിടത്ത് ഒരു കച്ചവടക്കാരന് ബുദ്ധിമാനായ ഒരു നായയുണ്ടായിരുന്നു.ഒരു ദിവസം രാത്രി ആ കച്ചവടക്കാരന്റെ വീടിനുപ്പിന്നിൽ ഒരനക്കം നായയുടെ ശ്രദ്ധയിൽപ്പെട്ടു.അതാ,ഒരാൾ ഇരുട്ടത്ത് പതുങ്ങിപ്പതുങ്ങി വരികയാണ്.കള്ളൻ! ബൗ...ബൗ......നായ കുരച്ചു.ബഹളം വെയ്ക്കല്ലെ,ഞാൻ നിന്റെ യജമാനന്റെ സുഹൃത്താണ് കള്ളൻ പറഞ്ഞു.ആണോ?എന്നിട്ടെന്താ ഇരുട്ടത്ത് പതുങ്ങി വരുന്നത്? നായ ചോദിച്ചു.

പകൽ സമയം കിട്ടിയില്ല.

എങ്കിൽ സാരമില്ല ഞാൻ മുതലാഴിയെ വിളിക്കാം അദ്ദേഹം ചങ്ങാതിയെ സ്വീകരിക്കട്ടെ നായ പറഞ്ഞു.

അവന്റെ അടുത്ത് തട്ടിപ്പ് നടക്കില്ല എന്ന് മനസ്സിലായപ്പോൾ കള്ളൻ അടവ് മാറ്റി.അയാൾ സഞ്ചിയിൽനിന്ന് മാംസകഷ്ണങ്ങൾ എടുത്ത് എറിഞ്ഞു കൊടുത്തു.ബഹളം

വെയ്ക്കല്ലെ,നീ സഹകരിച്ചാൽ ഇനിയും തരാം.കള്ളൻ പറഞ്ഞു.പക്ഷേ നായ അത് ഒന്ന് തിരിഞ്ഞുനോക്കികപ്പോലിം ചെയ്യാതെ പറഞ്ഞു നീ ഒരു പെരുംകള്ളനാണെന്ന് എനിക്ക് ഉറപ്പായി.ഏതാനം ഇറച്ചികഷ്ണങ്ങൾ എറിഞ്ഞുതരുമ്പോൾ നിനക്കു കിട്ടാൻ പോകുന്നത് അതിലും എത്രയോ വിലപ്പിടിപ്പുള്ളതായിരിക്കും.എന്നെനിക്കറിയാം.ഇന്നു കണ്ടയാൾവെച്ചുനീട്ടുന്ന നക്കാപ്പിച്ച വാങ്ങി എന്നും ഭക്ഷണം തരുന്ന യജമാനനെ ചതിക്കാൻ മനുഷ്യർകേ പറ്റൂ.നായകൾ അത്രക്ക് നന്ദി കെട്ടവരല്ലാ!

ഇത്രയും പറഞ്ഞ് നായ ഉറക്കെ ഉറക്കെ കുരച്ചു.വീടിനകത്ത് വെളിച്ചം തെളിഞ്ഞു.

സംഗതി പന്തിയല്ലെന്നു കണ്ട് കള്ളൻ ഓടി രക്ഷപ്പെട്ടു,

*ഫാത്തിമ സഹ്ല പി.ടി*

# പൂമ്പാറ്റേ........

പൂവിലിരിക്കും പൂമ്പാറ്റേ....

പൂന്തേനുണ്ണും പൂമ്പാറ്റേ....

പാറിനടക്കും പൂമ്പാറ്റേ...

കളിചിരിയോടെ മൂളിനടക്കും പൂമ്പാറ്റേ....

എന്തൊരു ചന്തം നിന്നെ കാണാൻ.....

ആരു നിനക്കീ അഴകേകി.......

ഇത്തിരിനേരം നിൽക്കാമോ...

നിന്നെ കണ്ട് രസിക്കട്ടെ...

ഏന്നടേ കൂടേ കളിക്കാമോ...

പാടി രസിച്ചും കഥകൾ പറഞ്ഞും

നമുക്ക് തുള്ളിരസിക്കാം

വാ....വാ....പൂമ്പാറ്റേ....

ഓ....ഹോ...പൂമ്പാറ്റേ....

**ഫാത്തിമ ഷെറിൻ**



# കീരിയും പാമ്പും

ഒരു ഗ്രാമത്തിൽ പേരുക്കേട്ട കർഷകനാണ് രാമു ഒരു ദിവസം രാമു രാവിലെ തൻെറ തോട്ടത്തിൽ പണിയെടുക്കുകയായിരുന്നു.അപ്പോൾ തൻെറ കുഞ്ഞ് നിലവിളിക്കുന്നതായി രാമുവിന് തോന്നി.രാമു പണി നിർത്തി കുഞ്ഞിൻെറ നിലവിളി ശ്രദ്ധിച്ചുക്കേട്ടു.രാമു പറഞ്ഞു എനിക്ക് തോന്നിയതാവും.വീണ്ടും പണി ചെയ്യാൻ തുടങ്ങി.കുഞ്ഞ് വീണ്ടും കരയുന്നതായി രാമുവിന് തോന്നി.രാമു നിലവിളി

ശ്രദ്ധദിച്ച കേട്ടു.തൻെറ കുഞ്ഞിൻെറ നിലവിളി തന്നെ.എട്ടു വർഷമായി കല്ല്യാണം കഴിഞ്ഞിട്ട്,ഇപ്പോഴാണ് ഒരു കുഞ്ഞ് ജനിക്കുന്നത്.രാധയ്ക്കാണെങ്കിൽ കുഞ്ഞിനെനോക്കാൻ സമയമില്ല.സദാസമയവും മറ്റുള്ളവരുടെ പരദൂഷണം പറഞ്ഞു നിൽക്കലാണ്.രാമുവിന് ദേഷ്യം കൂടി.രാമു തൻെറ കയ്യിൽ കിട്ടിയ വടിയുമായി വീട്ടിൽ ചെന്നു.അപ്പോൾ കണ്ടത് ഒരു കീരിയെയാണ്.അതിൻെറ വായയിൽ ചോരയുമുണ്ട്.രാമുവിൻെറ വീട്ടിൽ ആദ്യമേയുള്ള കീരിയീണ്.രാമുവിൻെറ കൂടെ എപ്പോഴും ഉള്ള കീരി.രാമുവിന് കയ്യിൽ കിട്ടിയ വടിയെടുത്ത് കീരിയുടെ തലക്കടിച്ചു.കീരി ആ നിമിഷം തന്നെ മരിച്ചു.തൻെറ കുഞ്ഞിനെയുടുക്കാൻ വീട്ടിൻെറ അകത്തേക്ക് പോയി.അപ്പോൾ തൻെറ കുഞ്ഞ് ജീവനോടെ കിടക്കുന്നു.

നിലത്ത് കീറിമുറിച്ച് കിടക്കുന്ന പാമ്പും.രാമു ആലോചിച്ചു എൻെറ കുഞ്ഞിനെ കടിക്കാൻവന്ന പാമ്പിനെ കൊന്ന കീരിയെയാണല്ലോ ഞാൻ കൊന്നത് രാമു ആകെ പരിഭ്രാന്തനായി.

ഫാത്തിമ ദിൽഷാന പി.ടി

# ആത്മ സുഹൃത്തുക്കൾ

ഒരിടത്തൊരിടത്ത് ചിന്നൻ എന്ന് പേരുള്ള ഒരു ആമയും കിട്ടൻ എന്ന പേരുള്ള ഒരു ഞണ്ടുമുണ്ടായിരുന്നു. അവർ രണ്ടു പേരും ഇണ പിരിയാത്ത സുഹൃത്തുക്കളായിരുന്നു.ഒരു ദിവസം ഒരു കുളത്തിൽ അവർ നീന്താൻ പോയി.നീന്തിക്കഴിഞ്ഞ് അവർ നേരെ അവരുടെ വീട്ടിലേക്ക് പോവുകയായിരുന്നു വഴിയിൽവെച്ച് ഒരു കുറുക്കനെ കണ്ടു.അവർ പേടിച്ച് വിറച്ചു.അപ്പോഴേക്കും കുറുക്കൻ അവരെ പിടിക്കൂടി.

ഞണ്ട് കുറുക്കൻെറ കയ്യിൽനിന്നും ഇറുക്കി രക്ഷപ്പെട്ടു.ആമയെ കുറുക്കൻ ഒരു ചാക്കിലിട്ട് കൊണ്ടുപ്പോയി.ആമയെ രക്ഷിക്കാൻ ഇനി എന്താ വഴി എന്ന് കിട്ടൻ ആലോചിച്ചു.അവനെ ഒരു ബുദ്ധി തോന്നി അങ്ങനെ അവൻ കുറുക്കൻെറ

മാളത്തിനടുത്ത് ചെന്ന് ചത്തതുപ്പോലെ കിടന്നു.കുറുക്കൻ അവനെ എടുക്കാൻ പോയപ്പോൾ ആമ ചാക്കിൽനിന്ന് ഓടി.ഞണ്ടും വൈകാതെതന്നെ ഓടി.അങ്ങനെ അവർ രണ്ടുപ്പേരും കുളത്തിലിറങ്ങി നീന്തി അവരുടെ വീട്ടിലേക്ക് പോയി.പിന്നീടുള്ള കാലം അവർ സ്നേഹത്തോടെ ജീവിച്ചു.അത്യാഗ്രഹം മൂലം കിട്ടിയ ഇരയും നഷ്ടപ്പെട്ട കുറുക്കൻ ദുഖിതനായി.

**ഫാത്തിമ ഷെറിൻ .സി**

*Illustration 1: മലയാള തിളക്കം*

# കുക്കുവിൻെറ അഹങ്കാരം

ചിമ്മിണിക്കാട്ടിലാണ് കുക്കു എന്നു പേരുള്ള പൂവൻക്കോഴി

താമസിച്ചിരുന്നത്. അവനനെന്നും പുലരാൻനേരം മരക്കൊമ്പിലിരുന്ന് കൂവും.അലൻെറ ശബ്ദം കേട്ട് മറ്റ് മൃഗങ്ങൾ ഉണരും.എന്നിട്ട് അവർ അവരുടെ ജോലി ചെയ്യും.ഇങ്ങനെയിരിക്കെ അവൻെറ അഹങ്കാരം വർദ്ധിക്കാൻ തുടങ്ങി.തൻെറ ശബ്ദം കേട്ടാണ്എല്ലാവരും ഉണരുന്നത്. താൻ ഇവിടെയില്ലെങ്കിൽ ആർക്കും സമയത്തിനുണരാൻ  കഴിയില്ലായെന്ന് അവന് തോന്നി .പിറ്റേ ദിവസം എല്ലാവരോടും യാത്ര പറഞ്ഞു,അടുത്ത കാട്ടിലേക്ക് പോയി.അടുത്ത ദിവസം അവൻ അവിടെ നിന്ന് പോന്നു.താനില്ലാത്തതുകൊണ്ട ആരും ഉണർന്നിട്ടുണ്ടാവില്ലെന്ന് കരുതി വരുകയായിരുന്നു.ആകാഴ്ച കണ്ടപ്പോൾ അവൻ ഞെട്ടിപ്പോയി.എല്ലാവരും അവരുടെ ജോലികൾ ചെയ്യുന്നു.അപ്പോൾ അവന് മനസ്സിലായി താൻ കൂവിയിട്ടില്ലെങ്കിലും മറ്റുള്ളവർ ഉണരും എന്ന് അതോടെ അവൻെറ അഹങ്കാരം മാറി.

നമുക്ക് മറ്റുള്ളവരെക്കാൾ കഴിവുണ്ടെന്ന് അഹങ്കരിക്കാൻ പാടില്ല

***മർഫിയ.സി***

# ചതി എന്നും ആപത്ത്

ഒരു ഗ്രാമത്തിൽ പ്രായമായ ഒരു മുത്തശ്ശിയുണ്ടായിയിരുന്നു.ആ ചെറിയ വീട്ടിൽ അവർ

ഒറ്റക്കായിരുന്നു.ആ മുത്തശ്ശിക്ക് പാടവും പറമ്പും ഒക്കെയുണ്ടായിരുന്നു.അത് നോക്കിനടത്താൻ ആരുമില്ലായിരുന്നു.അങ്ങനെയാണ് അവിടേക്ക് രണ്ട് ചെറുപ്പക്കാർ വന്നത്.അവർ വന്നെത്തിയത് ആ പ്രായമായ മുത്തശ്ശിയുടെ അടുത്തേക്കായിരുന്നു അവർ ജോലി തേടിയായിരുന്നു വന്നത്.

ഒരാളുടെ പേര് രാജനും മറ്റേയാൾ ചന്ദ്രനും.അവർ ചോദിച്ചു ഞങ്ങൾക്ക് ജോലി തരുമോയെന്ന്.അപ്പോഴാണ് മുത്തശ്ശിക്ക് തോന്നിയത് ഇവർക്ക് ആ പാടവും പറമ്പും നോക്കി നടത്താൻ വേണ്ടി കൊടുക്കാമെന്ന്.അവർ ആ ജോലി ചെയ്യാൻ തയ്യാറായിരുന്നു.അതിൽ രാജൻ അഹങ്കാരിയായിരുന്നു ചന്ദ്രൻ പഞ്ചപ്പാവവും.അങ്ങനെ അവർ ജോലി ചെയ്യാൻ ആരംഭിച്ചു.ചന്ദ്രൻ നന്നായിട്ട് അധ്വാനിച്ചു.രാജൻ അവിടെ കിടന്ന് ഉറങ്ങുകയും ചുറ്റികറങ്ങുകയും ചെയ്തു.ചന്ദ്രൻെറ ദേഹത്ത് നിറയെ ചെളിയായിരുന്നു. വീട്ടിൽ എത്തിയപ്പോൾ മുത്തശ്ശിയേയും കൂട്ടി ഉണ്ടാക്കിയ കഞ്ഞി ചന്ദ്രന് വയറുനിറയെ കൊടുത്തു.അതുകണ്ട് രാജന് അസൂയ തോന്നി. സ്ഥിരമായി ഇങ്ങനെ ഉണ്ടായപ്പോൾ രാജന് തോന്നി ഇനിയെന്നും ദേഹത്ത് ചെളി പുരട്ടിയാൽ എനിക്ക് നല്ല നെയ്യും കൂട്ടിയുള്ള കഞ്ഞിയും കിട്ടും.പിന്നെ നല്ല പേരും കിട്ടും.രാജൻ എന്നും പാടത്തുനിന്ന് വരുമ്പോൾ ദേഹത്ത് നിറയെ ചെളി പുരട്ടും.എന്നും മുത്തശ്ശി രാജന് നിറയെ കഞ്ഞി കൊടുക്കാൻ തുടങ്ങി.ചന്ദ്രന് സങ്കടം തോന്നി.ഒരു ദിവസം മുത്തശ്ശി പാടത്ത് എന്താ നടക്കുന്നത് എന്ന് അറിയാൻ വേണ്ടി പോയി.അവിടെ മുത്തശ്ശി കണ്ടത് രാജൻ അവിടെ കിടന്നുറങ്ങുകയും ചന്ദ്രൻ നന്നായി ജോലി ചെയ്യുന്നതുമായിരുന്നു.പിന്നെ വീട്ടിലെത്തിയപ്പോൾ രാജൻെറ ദേഹത്ത് നിറയെ ചെള്യായിരുന്നു.അങ്ങനെ മുത്തശ്ശി ചന്ദ്രന് നിറയെ കഞ്ഞി വിളമ്പി.അപ്പോൾ രാജൻ ചോദിച്ചു എനിക്കെന്താ കഞ്ഞി വിളമ്പാത്തത്?ഞാനല്ലേ നന്നായി ജോലി ചെയ്തത്.മുത്തശ്ശി പറഞ്ഞു ഞാൻ പാടത്ത് വന്നിരുന്നു,അവിടെ ാൻ കണ്ടത് നീയുറങ്ങുന്നതും ചന്ദ്രൻ അവിടെ നന്നായി അധ്വാനിക്കുന്നതും .അപ്പോൾ തന്നെ രാജൻ മാപ്പ് ചോദിക്കുകയും.അവർ മൂന്ന് പേരും സന്തോഷത്തോടെ കഴിഞ്ഞു.പിന്നീട് അവരുടെ ജീവിതത്തിൽ ചതിയും തെറ്റും കടന്നുവന്നിട്ടില്ല. .

അനന്യ.ടി

# ചതി

പീടികത്തിണ്ണയിലിരുന്നവൻ കരയുകയായിരുന്നു.

"സുഹൃത്തേ എന്തിനാ കരയുന്നത്?"

"ഒന്നുമില്ല ചേട്ടാ"

"പറയന്നേ..."

"ഞാൻ പറയാം എല്ലാം പറയാം...."

അവൻെറ വാച്ചിൽ സൂചി പിന്നിലോട്ട് തിരിഞ്ഞു.

പാലക്കാടുള്ളഒരു ചെറുഗ്രാമം അവിടെ അച്ചുതൻ നമ്പൂതിരിയുടെ എ മകനായ മഹേഷ് നമ്പൂതിരി താമസിച്ചിരുന്നു, അവനെ മഹേഷ് നമ്പൂതിരി എന്നുവിളിക്കുന്നതു കേൾക്കാൻ അവനിഷ്ടമല്ലായിരുന്നു.അവനെയെന്നും മഹേഷ് എന്ന് വിളിക്കുന്നതാണ് അവനിഷ്ടം.പണക്കാര്യങ്ങളിലും മറ്റു പല കാര്യങ്ങളിലും മഹേഷ് കേമനായിരുന്നു.എന്നാൽ അമ്മയെന്ന ദീപത്തെ അവനു കാണാനായില്ല.എന്നാൽ അതൊന്നും അവനെ ബാധിച്ചിരുന്നില്ല.പാലക്കാട് ഗ്രാമത്തിൻെറ കണ്ണിലുണ്ണിയായിരുന്നു മഹേഷ്.അവൻെറ പഠനക്കാര്യങ്ങളിൽ അവിടുത്തെ ഗ്രാമവാസികൾ പ്രത്യേകം ശ്രദ്ധ പുലർത്തിയിരുന്നു.കാലത്തിൻെറ വേഗതയനുസരിച്ച് അവൻ വളരാൻ തുടങ്ങി.കൂടെ ഉപരിപഠനം അടുക്കാൻ തുടങ്ങി.തൻെ ഉപരിപഠനത്തിന് പണം ആവശ്യമാണെന്നറിഞ്ഞ അവൻ തൻെറ

അച്ഛനായ അച്ചുതൻ നമ്പൂതിരിയോട് പണം ആവശ്യപ്പെട്ടു. തൻെറ കൊക്കിലോതുങ്ങാത്ത പണമാണ് വേണ്ടതെന്നറിഞ്ഞപ്പോൾ ആ അച്ഛൻ തകർന്നു.അച്ഛൻെറ വിഷമം മഹേഷിന് താങ്ങാനായില്ല.അങ്ങനെയിരിക്കുമ്പേഴാണ് ഗ്രാമവാസികൾ പണം അവനുനേരെ നീട്ടിയത്.അത് ഗ്രാമവാസികളുടെ പണമായിരുന്നത്. ഗ്രാമവാസികളുടെ സ്നേഹത്തിനു മുമ്പിൽ അവൻ മുട്ടുമടക്കി.പാലക്കാടൻ കാറ്റാണ് അവരെ ഈ വിവരം അറിയിച്ചതെന്ന് അവൻ വിശ്വസിച്ചു.ദിവസങ്ങൾ നീങ്ങി.അവൻ ഡൽഹിയിലേക്ക് ഉപരിപഠനത്തിനായി യാത്രയാവുകയാണ്.അവനെ യാത്രയാക്കാൻ അവൻെറ അച്ഛനുമുണ്ടായിരുന്നു.അവൻെറ അച്ഛൻ അവനെ കണ്ണീരോടെ യാത്രയാക്കി.തീവണ്ടിയുടെ ചൂളം വിളി മലമുകളിൽ മുഴങ്ങി.അവൻ യാത്രയായി,പാലക്കാടുവിട്ട്.ഭായ്...ഭായ്..മഹേഷ് വിളിക്കേട്ട് ഉറക്കത്തിൽനിന്ന് ഉണർന്നു.ഹിന്ദി കേട്ടപ്പോൾ അവനു മനസിലായി ഡൽഹിയിലെത്തിയെന്ന്.അവൻ തീവണ്ടിയിൽനിന്നിറങ്ങി.അവൻെറ അടുത്ത ശ്രമം താമസിക്കാൻ ഉരിടം കണ്ടെത്തുകയായിരുന്നു.ഉടനെ തന്നെ അവൻ അതും കണ്ടെത്തി.അവൻ താമസിക്കുന്ന ലോഡ്ജിൽനിന്നും അവൻ സനുപ് എന്ന് പേരുള്ള ഒരു സുഹൃത്തിനെകിട്ടി.അതിലവൻ സന്തോഷിച്ചു.തനിക്കു പഠിക്കേണ്ട കോളേജിൽ തന്നെയായിരുന്നു സനൂപും.അവനതിൽ ആശ്വാസം കണ്ടെത്തി.പിന്നീടവർ  എപ്പോഴും ഒരുമിച്ചായിരുന്നു.അവർ അങ്ങനെ ഉറ്റ സുഹൃത്തുക്കളായി.അവരുടെ കോളേജിൽ അറിയപ്പെടുന്ന നല്ല സുഹൃത്തുക്കളും മിടുക്കൻമാരുമായി അവർ മാറി.കാലം ഒഴുകി നീങ്ങി.അവരുടെ ഉപരിപഠനം അവസാനിച്ചു.അവർക്ക് രണ്ട്പ്പേർക്കും

ഒരു ബാങ്കിൽ ജോലി കിട്ടി. ഈ സന്തോഷം അറിയിക്കുവാൻവേണ്ടി അച്ഛനെ വിളിച്ചപ്പോൾ അറിഞ്ഞത് അച്ഛൻ മരിച്ചെന്നാണ്.മൂന്നുമാസം മുമ്പേ മരിച്ച അവൻെറ കയ്യിൽനിന്നും ഫോൺ വീണു,അവൻ പൊട്ടിക്കരഞ്ഞു.അവനെ സന്ദീപ് സമാധാനിപ്പിച്ചു.തൻെറ നാട്ടിലേക്ക് പോകണമെന്ന് മഹേഷിനെ അഗ്രഹമുണ്ടെങ്കിലും അതിനുള്ള സാഹചര്യമല്ലായിരുന്നു.അടുത്തദിവസം തേങ്ങലോടെ മഹേഷും സന്ദീപും ജോലിക്കായി ബാങ്കിലേക്ക് നടന്നു.ഇവരുടെ രണ്ടുപരുടേയും പ്രവർത്തനം ആ സ്ഥാപനത്തെ ഉയർത്തി.അവിടെയും നല്ല കൂട്ട്കെട്ടെന്ന് ഇവരെ രണ്ടുപേരേയും വിശേഷിപ്പിച്ചു.ദിവസങ്ങൾ മാഞ്ഞുതുടങ്ങി.അപ്പോഴാണ് മഹേഷ് അറിഞ്ഞത് തൻെറ ഉറ്റസുഹൃത്തായ സന്ദീപ് ബാങ്ക് മോഷ്ടിച്ച് കടന്നുകളഞ്ഞെന്ന് ഒപ്പം അതിൻെറ പേര് മഹേഷിൻെറ തലയിൽ കെട്ടിവെച്ചു.അപ്പോഴാണ് മഹേഷ് തിരിച്ചറിഞ്ഞത് തൻെറ സുഹൃത്തൊരു ചതിയനാണെന്ന് . ഉടൻ തന്നെ പോലീസ് വാഹനം മഹേഷിൻെറ മുന്നിലെത്തി.അവനെ അറസ്റ്റ് ചെയ്തു.തൻെറ കുറ്റം  നിഷേധിച്ചിട്ടും അവനെ വെറുതെവിട്ടില്ല.മൂന്ന് വർഷം അവൻ ജയിൽവാസമനുഭവിച്ചു.അതിനുശേഷം മഹേഷ് തൻെറ നാട്ടിലേക്ക് തിരിച്ച് വന്നു.പാലക്കാടൻ കാറ്റ് അവനെ തലോടി.അവൻ തൻെറ അച്ഛൻെറ ശവകുടീരത്തിനടുത്തേക്ക് ഓടി.അച്ഛൻെറ കാൽക്കീഴിൽ വീണ് മാപ്പപേക്ഷിച്ചു.പിന്നീടവൻ ഒരു പീടികത്തിണ്ണയിലേക്ക് നടന്നു.അവിടെയിരുന്ന് അച്ഛൻെറ മരണത്തെക്കുറിച്ചും സന്ദീപിൻെറ ചതിയെക്കുറിച്ചും ചിന്തിച്ച് തേങ്ങി....

"മതി മഹേഷെ...."

ഇതാണ് അവസ്ഥ ചേട്ടാ

"നീ പേടിക്കേണ്ടാ എല്ലാം ശരിയാകും.ഞാൻ വരട്ടെ.”
അവനെ സമാധാനിപ്പിച്ച് ആ മനുഷ്യൻ പോയി മറഞ്ഞു.
കൂടെ മഹേഷും അസ്ഥമിക്കുന്ന സൂര്യനു നേരെ നടന്നു......മാഞ്ഞു.

വിഘ്നേഷ്.പി

# തെറ്റുപറ്റിയ വ്യാപാരി

കൃഷ്ണഗിരി എന്ന കുഗ്രാമത്തിൽ ഒരു വ്യാപാരി താമസിച്ചിരുന്നു. അനവധി പട്ടണങ്ങളും ഗ്രാമങ്ങളും വ്യാപാരിക്ക് തൻെറ ഉള്ളം കൈ പോലെ അറിയാം. അതിനാൽ അദ്ദേഹം ഗ്രാമത്തിൽ പ്രശസ്തനാണ്. പല പല ആളുകളും മതങ്ങളും ആജാരങ്ങളും വ്യാപാരിക്ക് കാണാപാഠമാണ്. വ്യാപാരം കഴിഞ്ഞാൽ പട്ടണത്തെ കുറിച്ച് പല പല ആളുകളെ കുറിച്ചും താൻപോയ സ്ഥലത്തേ കുറച്ചും വ്യാപാരി തൻെറ മകനോട് പറയും അവരുടെ രീതി സ്വഭാവം എല്ലാം വ്യാപാരിയുടെ മകന് ഇഷ്ടമാണ്. അങ്ങനെയിരിക്കെ ഒരു ദിവസം വ്യാപാരി ഒരു യാത്രകക് പോകാൻ തീരുമാനിച്ചു.മാസങ്ങളോളം

ആഴ്ച്ചകളോളം നിണ്ടുനിൽക്കും വ്യാപാരിയുടെ യാത്ര.
വ്യാപാരി ഭാര്യയോടും മകനോടും യാത്ര പറഞ്ഞ്
വ്യാപാരി യാത്ര ആരംഭിച്ചു. തനിക്ക് ആവശ്യമുള്ള ഭക്ഷണം
വസ്തുങ്ങൾ ഇവയെല്ല ാം വ്യാപാരി കരുതിയരുന്ന .
വ്യാപാരിക്ക് ആദ്യം പോകേണ്ടത് ഒരു
ഗ്രാമത്തിലേക്കാണ് ഒുരു് കുന്ന് താണ്ടിയാണ് വ്യാപാരിക്ക്
ഗ്രാമത്തിലെത്തേണ്ടത് . വ്യ്പാരി കുന്നുകയറൽ
ആരംഭിച്ചു. കുറച്ചു നടന്നതും വ്യാപാരിതളറ്ന്നിരുന്നു.
അതിനാൽ അദ്ദേഹം കുറച്ച് വിശ്രമിക്കാനിരുന്നു. വ്യപാരി
കുറച്ചുനേരം മയങ്ങി. കുറച്ചുനേരം കഴിഞ്ഞപ്പോൾ
വ്യാപാരിയെ ആരോ വിളിക്കുന്നത് പോലെ തോന്നി.
പാതിമയക്കത്തിൽ ഉണറ്ന്ന വ്യാപാരിയുടെ മുന്നിൽ ഒരു
വൃദ്ധൻ കൈ നീട്ടുന്നു. വൃദ്ധനെ കണ്ടാൽ വയറ് ഒട്ടി കുറേ
ദിവസമായി ആഹാരം കഴിച്ചിട്ട്അതിനാൽ അദ്ദേഹം
തളറ്ന്നിരുന്നു. കുഞ്ഞേ നിൻതെ അടുക്കൽ എനിക്ക്
ഒരൽപ്പം ഭക്ഷണം തരാനുണ്ടോ ഞാൻ കുറേ ദിവസായി
ഭക്ശണ കഴച്ചിട്ട്. വൃദ്ധവെ കണ്ടാൽ വ്യാപാരിയുടെ
അച്ഛൻതെ പ്രായമുണ്ട്. വ്യാപാരിക്ക് കൊടുക്കണമെന്നുണ്ട്
എന്നാൽ ഭാര്യക്ക് ഇഷ്ട്ടമല്ല. അവൾ നേരത്തേ

പറഞ്ഞതാണ് ഞാന് നിങ്ങള്ക്ക് പ്രത്യകം പാകം ചെയ്ത ഭക്ഷണമാണ്. ആരു ചോദിച്ചലും കൊടുക്കരുത്. വ്യാപാരിയുടെ ഭാര്യ ഒരു ചീത്ത മ നസ്സിനുടമയാണ്. അവള്ക്ക് പാവപ്പെട്ടവരെ സഹായിക്കുന്നത് ഇഷ്ടമല്ല. വ്യാപാരിയുടെ ഭാര്യ എന്ന അഹങ്കാരമുണ്ട്. വൃദ്ധനെ മടക്കി അയച്ചതിൽ വ്യാപാരിക്ക് വിഷമമുണ്ട്. ഭാര്യയുടെ വാക്കിന് വില കല്പ്പിക്കാതിരിക്കാനും പറ്റില്ല. അയാൾ യാത്ര തുടറ്ന്നു.പട്ടണത്തിലെത്തി പതിവില്ലാത്ത ഒട്ടനവധി കച്ചവടക്കാറ്. തനിക്ക് മുൻപരിചയമില്ലാത്തവരാണ് ഇവരിൽ കൂടുതലും. അറിയാതെ അടുത്തുള്ള ഒരു കച്ചവടക്കാരൻതെ വീപ്പപ്പെട്ടി അത് വ്യാപാരിയുടെ ചരക്ക് തട്ടിയാണ് പൊട്ടിയത്  അതിനു പരിഹാരമായി വ്യാപാരി പ്രസിദ്ധനായ ഒരു മഹാൻതെ അടുക്കലെത്തി. കഥകേട്ട മഹാന് വിധിനടപ്പാക്കയത് വ്യാപാരിക്ക് അനുകൂലമായിരുന്നില്ല. പരിഹാരമായി വ്യാപാരി കച്ചവടക്കാരൻതെ വീട്ടുൽ അടിമപ്പണി ചെയ്തു ജീവിക്കാനാണ്. ഇതു കേട്ട വ്യാപാരി ഞെട്ടി. താൻ വൃദ്ധവ് ഭക്ഷണം കൊടുക്കാത്തതിൻതെ ശിക്ഷയാണ് താന് അനുഭവിക്കേണ്ടത്

കുറ്റബോധത്തോടെവ്യാപാരി കച്ചവടക്കാരൻതെ വിട്ടിൽ

ജീവിതം വീർപ്പുമുട്ടിച്ചു.

ഫാത്തിമ ഷർഫിയ എം.സി

# വൃദ്ധസദനത്തിലേക്കുള്ള യാത്ര

കാറിന്റെ പിൻ സീറ്റിൽ ഇരുന്നവര് തിരിഞ്ഞ് നോക്കുന്നു. മകൻ തന്നെ എങ്ങോട്ട് കൊണ്ടു പോകുന്നു? മകൻ അമ്മയെ വൃദ്ധസദനത്തിലേക്ക് എത്തിച്ചു. അമ്മ അപ്പോൾ ആണ് അറിഞ്ഞത് മകൻ അവിടെ ഇരുത്തി. അമ്മ യുടെ കണ്ണിണിൽ നിന്ന് തുള്ളിയായി കണ്ണുനീര് വരുന്നു. മകനത് ഒന്നു നോക്കാതെ  കാറിൽ കയറി വീട്ടിലേക്ക് മടങ്ങി. അമ്മ വാശിപിടിച്ച് തിന്നാതെയും ഉറങ്ങാതെയും അവിടെ കരയുന്നു. മകൻ ആണെങ്കിൽ മറ്റു കാര്യങ്ങളും ചെയ്തു. ദിവസം അങ്ങനെ കഴിഞ്ഞു പോകുന്നു. അമ്മയുടെ കുടുംബത്തിൽപെട്ടവറ് വന്നു. മകൻ അവിടെ ഉണ്ടായിരുന്നില്ല. കുറേ അവര് വിളിച്ചു. ബെല്ലടിച്ചു നോക്കി. ഒരു ശബ്ദവുമില്ല. അവര് ആകെ ഭയന്ന് പോയി. അടുത്ത വീട്ടിലെ ചേച്ചിമാരോട് ചോദിച്ചു.ചേച്ചി പറഞ്ഞു ഞങ്ങൾക്കറിയില്ല. അവര് സങ്കടത്തോടെ വീട്ടിലേക്ക് മടങ്ങി പോയി. മകൻ വീട്ടിൽ വന്നപ്പോൾ അടുത്ത വീട്ടിലെ ചേച്ചി ചോദിച്ചു. അമ്മ ഇവിടെ ഉണ്ടോമകൻ പറഞ്ഞു.അമ്മയെ എനിക്ക് അറിയില്ല. വീട്ടിൽ അടുത്തുള്ളവർ അവിടേന്ന് പോയി. കുറച്ച് കാലം കഴിഞ്ഞപ്പോൾ രണ്ടാളുകൾ വന്ന് ചേച്ചിയെ ഇവിടെ ആരുമില്ലേ എന്ന് ചോദിച്ചു.  മകൻ വാതിൽ തുറന്നു. ഉണ്ട് എന്ന് പറഞ്ഞു. എന്നെ തിരഞ്ഞു വന്നത് എന്തിനാണെന്ന് ചോദിച്ചു. നിൻറെ കല്യാണം ഉണ്ടാക്കാനാണ് പറഞ്ഞു.

.അവര് ചോദിച്ചു അമ്മ ഇവിടെ ഇല്ലേ? മകൻ പറഞ്ഞു .ഇല്ല. നീ നാളെ വീട്ടിലേക്ക് വരണം. അതെ ഞാൻ നാളെ വരാം. അങ്ങനെ പെണ്ണു കാണാൻ പോയി. അവര് രണ്ടുപേരുടേയും കല്യാണം ഉറപ്പിച്ചു. കല്യാണത്തിന് വിരുന്നുകാരെ വിളിച്ചു. അവര് പറഞ്ഞു.ഞങ്ങൾ കല്യാണത്തിന് വരാം എന്ന് പറഞ്ഞു. അങ്ങനെ വീട്ടിലേക്ക് പോയി. അപ്പോഴാണ് ഓറ്മവന്നത് അമ്മ ഉണ്ടല്ലോ. എല്ലാം കഴിഞ്ഞുപോയി. അവൻ അമ്മ ഇനി വേണമെന്ന് അവിടെ വൃദ്ധസദനത്തിലേക്ക് പോയി. അവിടെ അമ്മ കരഞ്ഞുകൊണ്ട് പറഞ്ഞു. എൻറെ മകന് എവിടെയാണ്.അവന് അത് കേട്ട് വേഗത്തിൽ അമ്മയുടെ അടുത്തേക്ക് പോയി. അമ്മയെ കെട്ടിപിടിച്ച് കൊണ്ട് മകൻപറഞ്ഞു. അമ്മ നിങ്ങൾ എന്നോട് ക്ഷമിക്കണം.മോനേ അത് സാരമില്ല. അമ്മ പറഞ്ഞു നിൻറെ മുഖത്ത് ഒരു ചിരി ഉണ്ടല്ലോ? എന്താണ് മോനെ പറയൂ. മകൻ കല്യാണം ആണ്. നാളെ അമ്മ വേഗത്തിൽ വരണം. മകന് അമ്മയെ കാറിൽ കയറ്റി വീട്ടിലേക്ക് പോയി. അവിടെ എത്തി.അവിടെ വീട്ടുകാര് കാത്തു നിൽക്കുന്നുണ്ടായിരുന്നു. അങ്ങനെ കല്യാണ ദിവസമായി. എനിക്ക് സാരിവാങ്ങിയിട്ടില്ല. മകൻ പറഞ്ഞു ഇപ്പോള് കൊണ്ടുവരാം. സാരി എടുത്ത് കൊടുത്തു. അമ്മയ്ക്കത് ഏറെ ഇഷ്ടപ്പെട്ടു. അവര് എല്ലാവരും ഭക്ഷണം കഴിച്ചു. പെണ്ണിനെ കൂട്ടികൊണ്ട് വന്നു.അമ്മ പറഞ്ഞു മരുമകളെ വീട്ടിൽ കയറ്റി. ചായകൊടുത്തപ്പോൾ ചായകുടിച്ചു. സന്തോഷത്തോടെ വർഷങ്ങളും കഴിഞ്ഞുപ്പോയി. അമ്മതന്നെ വേണം നമുക്ക് അല്ലെങ്കിൽ കാലങ്ങള് എങ്ങനെ കഴിഞ്ഞ് പോകും

സഹ്ലാ ഷെറിൻ കെ.എം

ജി എച്ച് എസ് എസ് കൊട്ടപ്പുറം

# OUR ACHIEVEMENTS

## ശിശുദിനത്തോടനുബന്ധിച്ച്




*Illustration 2: pachakarikrishi*





# മണ്ണാങ്കട്ടയും കരിയിലയും

മണ്ണങ്കട്ടയും കരിയിലയും ഉറ്റ ചങ്ങാതിമാരാണ്. ഒരിക്കൽ അവറ് കാശിയിലേക്ക് പുറപ്പെട്ടു. പെട്ടന്ന് വലിയ കാറ്റ് വീശി.

കരിയില കാറിൽ പാറിപ്പോകില്ലേ? ഞാൻ എന്ത് ചെയ്യും? മണ്ണാങ്കട്ട കരിയിലയുടെ മുകളിൽ കയറിയിരുന്നു. കാറ്റുനിന്നു.

അവറ് യാത്ര തുടറ്ന്നു. കാറ്മേഘമെത്തി തുടങ്ങി. മഴ വന്നു. മണ്ണങ്കട്ട നനഞ്ഞു കുതിറ്ന്നു പോകില്ലേ? ഞൻ എന്തു ചെയ്യും?

കരിയില മണ്ണാങ്കട്ടയുടെ മുകളിൽ കയറിയിക്കാമല്ലോ. അതെ അതു

തന്നെ ചെയ്യാം. അവൻ അങ്ങതന്നെ ചെയ്തു. മഴ മാറി.
?അവറ് യാത്ര തുടറ്ന്നു. കാറ്റും മഴയും ഒന്നിച്ചു വന്നു.എന്നിട്ടോ
മണ്ണാങ്കട്ട അലിഞ്ഞു പോയി. കരിയില പാറിപ്പോയി

*ഷെഹീന.കെ*

# *THE BEST QUOTES*

"Man is born free and everywhere he is in chains"
_Rousseau

"Ahimsa is my religion, Truth is my weapon"
_Gandhiji

"Desire is the cause of all thoughts"
_Sri Buddhan

"Four hostile news papers are more to be feared than a thousand boyonets

ജി എച്ച് എസ് എസ് കൊട്ടപ്പുറം

_Nepolean

 “The roots of education are bitter but ,the fruit is sweet”

_Aristotle

“Genius is one percent inspiration and ninety nine percent perspiration”

_Edison

“The highest educations that which doesn't merely give us information , but makes our life in harmony with all existence”

_Rabindhranath Tagore

collected by Meenakshi.k

# The eye of day

The night is very beautiful
In the night so many stars shining

Like as bulbs
Nights is the eye of a day
In the night, moon light fall on
The earth like yellow carpet
Night sky is the black house
of the shining stars
Nights is the ending
symbol of a day.

Rameesha.p

# ചിലമ്പൊലി നാടൻപ്പാട്ട്

## ജി എച്ച് എസ് എസ് കൊട്ടപ്പുറം

# ശിൽപ്പശാലയിൽനിന്ന്












# ശ്രദ്ധ (യു പി വിഭാഗം)










G.H.S.S. KOTTAPPURAM (UP വിഭാഗം)
ഏകദിനശില്പശാല


24

# ഈ 'പുതുനാമ്പി 'ന്റെ അണിയറപ്രവർത്തകർക്ക് ഹൃദയം നിറഞ്ഞ നന്ദി